പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം-നം. 978.

12.6.2014 ൽ മറുപടിക്ക്.

സീക്ക് - 13 പദ്ധതി.

ചോദ്യം

ശ്രീ.കെ.ശിവദാസൻ നായർ.
ശ്രീ .ഷാഫി പറമ്പിൽ.
ശ്രീ.വി.റ്റി.ബൽറാം.
ശ്രീ.എ.റ്റി.ജോർജ്.

മറുപടി

ശ്രീ. പി. കെ. അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി )

(എ) സിക്ക് - 13 പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(എ) അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതിക്കു കീഴിൽ കൂടുതൽ തൊഴിലധിഷ്ഠിത കോഴ്സുകൾ കണ്ടെത്തുന്നതിന്റെ ഭാഗമായി സീക്ക് -13 എന്ന പേരിൽ 2013 നവമ്പറിൽ ഒരു ബിസിനസ് മീറ്റ് നടത്തിയിട്ടുണ്ട്. വിവിധ വ്യവസായ സംഘടനകളും തൊഴിൽ പരിശീലന ദാതാക്കളും കേന്ദ്ര സർക്കാരിന് കീഴിലുള്ള നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ , വിവിധ സെക്ടർ സ്കിൽ പ്രതിനിധികൾ തുടങ്ങിയവർ ഇതിൽ സംബന്ധിക്കുകയും വിവിധ പദ്ധതി നിർദ്ദേശങ്ങൾ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) കൂടുതൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ മേഖലകൾ കണ്ടെത്തുന്നതിനുള്ള സംരംഭത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ബി) യും (സി) യും അസാപ്പിൽ പുതിയ തൊഴിൽ പരിശീലന പരിപാടികൾ കണ്ടെത്തുക എന്നതായിരുന്നു സീക്ക് -13 ന്റെ ലക്ഷ്യം. ഇതിന്റെ ഭാഗമായി നേരത്തെ സമർപ്പിച്ച 18 തൊഴിൽ കോഴ്സുകൾക്ക് അംഗീകാരം നൽകുകയുണ്ടായി. ഇതിനു പുറമെ പുതുതായി നിരവധി തൊഴിൽ പരിശീലന കോഴ്സുകളുടെ നിർദ്ദേശങ്ങളും സീക്കിൽ അവതരിപ്പിച്ചിട്ടുണ്ട്. ദേശീയ അന്തർദേശീയ തലത്തിൽ വിവിധ തൊഴിൽ മേഖലകളിലുള്ള തൊഴിലാളി ദൗർലഭ്യം, തൊഴിൽ ലഭ്യത/സാധ്യത എന്നിവയുടെ അടിസ്ഥാനത്തിലാണ് പുതിയ തൊഴിൽ വിദ്യാഭ്യാസമേഖലകൾ തെരഞ്ഞെടുക്കുന്നത്. ഇത്തരത്തിൽ തൊഴിൽ സാദ്ധ്യതയുള്ള നൈപുണികൾ സംസ്ഥാനത്തെ ഹയർസെക്കന്ററി/കോളേജ് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനും ഇതിനാവശ്യമായ പരിശീലനം നൽകുന്ന ഏജൻസികളെ കണ്ടെത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്. കൂടുതൽ തൊഴിൽ

കോഴ്സുകൾക്കായി ഈ വർഷവും ( EOI) എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | ഏതെല്ലാം തരം വിദ്യാർത്ഥികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | ഒന്നാം വർഷ ഹയർ സെക്കന്ററി/ബിരുദ വിദ്യാർത്ഥികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്. |

സെക്ഷൻ ഓഫീസർ